16U236 (Page: 2) Name…………………

Reg. No………………

**SECOND SEMESTER B.A. DEGREE EXAMINATION, MAY-2017**

(Regular/Supplementary/Improvement)

(CUCBCSS – UG)

**CC15U MAL2 B02 – മലയാളചെറുകഥാസാഹിത്യം**

(Core Course: Malayalam)

(2015 Admission Onwards)

സമയം:3 മണിക്കൂർ പരമാവധി 80 മാർക്ക്

**I. ഓരോന്നിനും ഒറ്റ വാക്കിൽ ഉത്തരമെഴുതുക.**

1. 'കേസരി' എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന കഥാകൃത്ത് ആര് ?
2. എം.ടി.യ്ക്ക് ജ്ഞാനപീഠം അവാർഡ് ലഭിച്ച വർഷം ഏത് ?
3. 'ബൃഹത്ത്കഥ'യുടെ കർത്താവാര് ?
4. 'വാസ്തുഹാരാ' എന്ന സിനിമയിൽ വേണു എന്ന കഥാപാത്രത്തെ അവതരിപ്പിച്ച നടൻ ആര് ?
5. " ഒരുപക്ഷേ, അവനെ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ ഞാൻ അവനെ വധിക്കില്ലായിരുന്നു." -അവൻ ആര് ?
6. " എന്തായാലും അന്യദു:ഖത്തിൽ സ്വന്തം ദു:ഖം മറക്കുന്നതൊരനുഗ്രഹമാണ്." -ഇങ്ങനെ പറഞ്ഞതാര് ?
7. കേരളത്തിലെ ഏതു രാഷ്ട്രീയ സാഹചര്യമാണ് 'ടൈഗർ' എന്ന കഥയിൽ ബഷീർ ആവിഷ്കരിക്കുന്നത് ?
8. "ചരിത്രഗവേഷണം ഷണ്ഡന്മാർക്കുള്ളതല്ല." -ആരുടെ വാക്കുകളാണ് എം.ടി. തന്റെ കഥയിൽ ഉൾച്ചേർത്തിട്ടുള്ളത് ?
9. "ദാഹിക്കുന്നവർക്കു വെള്ളം കൊടുക്കുവാൻ നീ ആരാണ് ?" - ആരുടെ വാക്കുകൾ ?
10. ചരിത്രപുരുഷൻ എന്ന കഥയിലെ നായകന്റെ പേരെന്ത് ?

(10 x ½ = 5 മാർക്ക് )

**II. ഒന്നോ രണ്ടോ വാക്യത്തിലുത്തരമെഴുതുക.**

11. 'നാലാം യാമം' എന്ന കഥയിലെ പ്രമേയം എന്ത് ?
12. ജാതക കഥകൾ എന്നാൽ എന്ത് ?
13. ബഷീറിന്റെ 'ടൈഗർ' എന്ന കഥ അലിഗറിയുടെ സ്വഭാവം പ്രകടിപ്പിക്കുന്നുണ്ടോ ?
14. "ഈശ്വരനിൽ പണ്ടേ വിശ്വാസമില്ലാതിരുന്ന എന്നെ ലില്ലിക്കുട്ടി മനുഷ്യനിലും വിശ്വാസമില്ലാത്തവനാക്കി."സന്ദർഭം എഴുതുക.
15. ബെനഡിറ്റോ ക്രോച്ചെ എന്ന കഥാപാത്രത്ത എം.ടി. അവതരിപ്പിക്കുന്നതെന്തിന് ?

(5 x 2 = 10 മാർക്ക് )

**III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

16. കേസരി നായനാർ കണ്ട സ്വപ്നം വിശദമാക്കുക.

17. വിഫലപ്രണയത്തിന്റെ തീവ്ര ദു:ഖമാണ് 'ചോലമരങ്ങള്'ുടെ സൗന്ദര്യം. ഈ അഭിപ്രായം വിലയിരുത്തുക.

18. 'ആർക്കറിയാം' എന്ന കഥയിലെ ആധുനികതയുടെ സവിശേഷതകൾ വ്യക്തമാക്കുക.

19. 'ദാ നോക്കൂ-ഒരു പല്ലി' എന്ന കഥയിലെ പ്രമേയം വിശദമാക്കുക.

20. ''കാരണോന്മാര് പറഞ്ഞുവച്ചതൊക്കെ തിരുത്താതിരിക്കുന്നതാ ബുദ്ധി'' -ഇങ്ങനെ പറയാൻ കാരണമെന്ത് ?

21. അധിനിവേശാനന്തര ലോകത്തിലെ നിലനില്പിന്റെ പ്രശ്നങ്ങളെ അവതരിപ്പിക്കുന്ന കഥ യാണ് വാസ്തുഹാരാ. വിലയിരുത്തുക.

22. അധികാര ദുർവിനിയോഗത്തിനെതിരെയുള്ള കലാപമാണ് ബഷീറിന്റെ ടൈഗർ. ഈ അഭി പ്രായത്തിന്റെ സാധുത പരിശോധിക്കുക.

(5 x 5 = 25 മാർക്ക് )

IV. ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക.

23. മലയാളത്തിലെ സ്ത്രീ - പരിസ്ഥിതി കഥകളെ പരിചയപ്പെടുത്തുക.

24. ആക്ഷേപഹാസ്യത്തിലൂടെയുള്ള സാമൂഹ്യവിമർശനം ഉതുപ്പാന്റെ കിണർ, പന്തിഭോജനം എന്നീ കഥകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

25. 25. അസ്തിത്വത്തിന്റെ വേദനകളും സംഘർഷങ്ങളും ആവിഷ്കരിക്കുന്ന കഥകളാണ് 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം'. ഈ അഭിപ്രായം വിലയിരുത്തുക.

26. ആത്മനിഷ്ഠഭാവങ്ങളുടെ സൂക്ഷ്മ തന്തുവാണ് 'മകൻ' എന്ന കഥയുടെ ആഖ്യാനത്തെ സുന്ദരമാക്കുന്നത്.വിലയിരുത്തുക.

27. 'തല്പം' എന്ന കഥയുടെ രൂപ-ഭാവ തലങ്ങളിലെ ആധുനികത ചർച്ച ചെയ്യുക.

28. നവോത്ഥാനകഥകളുടെ സവിശേഷതകൾ വ്യക്തമാക്കി ഈ ഘട്ടം ചെറുകഥാസാഹിത്യ ചരിത്രത്തിൽ വഹിച്ച പങ്ക് ചർച്ച ചെയ്യുക.

(4 x 10 = 40 മാർക്ക്)

*******